**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5093** **02-11-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതി വഴി കേരകർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | 250 ഹെക്ടർ തെങ്ങുകൃഷി തുടർച്ചയായുള്ള പ്രദേശം തെരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന് തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ശാസ്ത്രീയ കൃഷി പരിപാലന മുറകൾ ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ തെങ്ങിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക വഴിയും മൂല്യവർദ്ധനവിലൂടെയും കേരകർഷകരുടെ വരുമാന വർദ്ധനവ് സാദ്ധ്യമാക്കുന്നു. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഒന്നാംവർഷം 50.17 ലക്ഷം രൂപയും രണ്ടാം വർഷം 20.01 ലക്ഷം രൂപയും മൂന്നാം വർഷം 6.25 ലക്ഷം രൂപയും കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇപ്രകാരമാണ്. 1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന്(ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. |

| | | | |
|---|---|---|---|
| | | | (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ -24 .5 ലക്ഷം ) ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. (a)ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ് (b)തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c)കുമ്മായം - 9 രൂപ/തെങ്ങ് (d)രാസവളം - 20 രൂപ/തെങ്ങ് (e)മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് (f)ജൈവവളം - 25 രൂപ/തെങ്ങ് (g)സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് (h)ജീവാണുവളങ്ങൾ,ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75രൂപ/തെങ്ങ് (i)രോഗം ബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ് (j)ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ് (k)ഇടവിള കൃഷി - 6000രൂപ/ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ. 3.തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം. 4.ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ,പഞ്ചായത്ത് തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്,മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15000/- രൂപ. 7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിതധനസഹായം. കേരഗ്രാമപദ്ധതിയുടെ രണ്ടാം വർഷത്തെ ആനുകൂല്യമായി സംയോജിത പരിചരണ മുറകൾക്കായി 250 ഹെക്ടറിന് പരമാവധി 19.75 ലക്ഷം രൂപയും കേരസമിതി പ്രവർത്തന ചെലവുകൾ എന്നിവ ഉൾപ്പെടെ ആകെ 20.01 ലക്ഷം രൂപയാണ്. കേരഗ്രാമം പദ്ധതിയുടെ മൂന്നാം വർഷം ജൈവവളം, രാസവളം എന്നിവ തെങ്ങിൻതോപ്പുകളിൽ പ്രയോഗിക്കുന്നതിന് 250 ഹെക്ടറിന് പരമാവധി 6.25 ലക്ഷം രൂപ നൽകുന്നു. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിൽ ഇതുവരെ എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |
| (സി) | കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം വരെ എത്ര കർഷകർക്ക് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുകയുണ്ടായി എന്നറിയിക്കാമോ? | (സി) | കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ആകെ 15,895കർഷകർക്ക് ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി വഴി പ്രയോജനം ലഭിക്കുകയുണ്ടായി. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| **നടപ്പിലാക്കിയ വർഷം** | **പഞ്ചായത്ത്** |
|---|---|
| 2017–18 | കുന്നുമ്മൽ |
| 2018–19 | വേളം |
| 2019–20 | കുറ്റ്യാടി |
| 2020–21 | തിരുവള്ളൂർ |
| 2021–22 | പുറമേരി |
| 2021–22 | മണിയൂർ |

| **നടപ്പിലാക്കിയ വർഷം** | **ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം** |
| --- | --- |
| 2017–18 | 5,079 |
| 2018–19 | 2,317 |
| 2019–20 | 3,844 |
| 2020–21 | 4,655 |
| 2021–22 | പദ്ധതി പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ് |
| **ആകെ** | **15,895** |